➪ *ഹിറ്റ്‌ലർ നമുക്കിടയിലാണ് ജനിച്ചുമരിച്ചതെങ്കിൽ നാം അയാളേയും ഛായാപടമാക്കിയേനെ* ➪

# കർമ്മത്തിന്റെ പൂവും മൗനത്തിന്റെ തേനും

"ജാതി പോകാത്ത ഇന്ത്യയിൽ ഏതൊരു ദാർശനിക വ്യവഹാരവും ജാതിയിൽ തട്ടിനിൽക്കും എന്നത് നാരായണ ഗുരുവിന് വ്യക്തമായിരുന്നു. അതിനാൽത്തന്നെ ഒരു സാമ്പ്രദായിക ദാർശനിക പ്രതിഭയായി മാത്രം കേരളത്തിലോ ഇന്ത്യയിലോ ഗുരുവിനെ അവതരിപ്പിക്കുക വയ്യ".
ശ്യാം ബാലകൃഷ്ണൻ സമന്വയിച്ച ശ്രീ നാരായണ ഗുരുവിന്റെ സംഭാഷണങ്ങളുടെ സമാഹാരമായ 'മൗനപ്പൂന്തൻ' വായനാനുഭവം.

**പി.എൻ. ഗോപീകൃഷ്ണൻ**

നാം ഒച്ചവയ്ക്കുന്നതിലും വളരെക്കുറച്ചേ ശ്രീ നാരായണ ഗുരു മിണ്ടിയിട്ടുള്ളൂ. മൗനവും വാക്കും അത്ര ശ്രദ്ധിച്ചിട്ടുപയോഗിച്ചുള്ളവർ മലയാളത്തിൽ കുറവ്. ആ മൗനം ആരെങ്കിലും അദ്ദേഹത്തിൽ അടിച്ചേൽപ്പിച്ചതായിരുന്നില്ല. ആ ഉച്ചാരണം ആരെങ്കിലും പ്രേരിപ്പിച്ചതുമായിരുന്നില്ല. അസാമാന്യമായ ഒരു സമതുലനത്തിൽ നിന്നാണ് ആ വാക്കുകളും മൗനവും വരുന്നത്. രസിപ്പിക്കാനോ പുച്ഛിക്കാനോ ഉള്ളതായിരുന്നില്ല അവ. ഇഹ 'ലോകസംസാരം' കടഞ്ഞെടുത്തതായിരുന്നു.

ഇഹലോകമായിരുന്നു ഗുരുവിന്റെ പ്രശ്നം. പരലോകത്തെ ഇത്രമേൽ നിഷേധിച്ച, ആക്ഷേപിച്ച ഗുരു വേറെയില്ല. ചാക്രികമായ ഒരു കാലഗണനയെ അദ്ദേഹം ഒരിക്കലും അനുകൂലിച്ചിട്ടില്ല. 'മരിച്ചവനെ എന്തു ചെയ്യണം?' എന്ന ചോദ്യത്തിനുത്തരം എഴുതാൻ വലിയൊരു കവി മനസ്സിനേ കഴിയൂ. മരിച്ചവനെ വെട്ടിക്കണ്ടിച്ച് വാഴയ്ക്ക് വളം വയ്ക്കണം. പരലോകത്തിൽ വിശ്വാസമുള്ള ഒരു മനസ്സും ഭാഷയുമാണ് നമ്മുടേത്. പരേതർ ജീവിച്ചിരിക്കുന്നവരേക്കാൾ പൂജ്യരാകുന്നത് അങ്ങനെയാണ്. അവർ പൂജ്യരാകുന്നത് അവരെ ചരിത്രവത്കരിച്ചല്ല. അവരുടെ ശരികളെ പിൽക്കാല ജീവിതത്തിന്റെ ഇന്ധനവുമായി വാറ്റിയെടുത്തിട്ടുമല്ല. കരുണാകരനേയും ഈച്ചരവാര്യരേയും മരണം സമതുലനപ്പെടുത്തുന്നു എന്ന മട്ടിലാണ് ഓർമ്മ നമ്മിൽ പ്രവർത്തിക്കുന്നത്. മരണം സ്വാംശീകരിക്കപ്പെടേണ്ടത് ഒരു നിശിത വിചാരണയിലൂടെയാണ്. ഈ നിശിത വിചാരണയാണ് ചരിത്രവത്കരണം എന്ന പ്രക്രിയയുടെ അവതാരിക. ഹിറ്റ്‌ലർ നമുക്കിടയിലാണ് ജനിച്ചുമരിച്ചതെങ്കിൽ നാം അയാളേയും ഛായാപടമാക്കിയേനെ. ദൈവങ്ങളുടെ ചിത്രങ്ങൾക്കടുത്ത് തൂക്കിയേനെ. മരണത്തോടെ നാം എല്ലാവരേയും കുറ്റവിമുക്തരാക്കുന്നു. വിശുദ്ധതയുടെ പ്രതലത്തിനുള്ളിലാക്കുന്നു. ഈ ധാരണയെയാണ് 'വെട്ടിക്കണ്ടിച്ച് വളമാക്കുക' എന്ന വചനത്തിലൂടെ ഗുരു പിടിച്ചുലയ്ക്കുന്നത്. എന്താ, മരിച്ചയാൾക്ക് നോവുമോ? എന്ന ചോദ്യത്തിലൂടെ പരലോകജീവിത്തെ കൊട്ടിഘോഷിക്കുകയും ചെയ്യുന്നു.

ശവത്തിന് നോവുമോ? ഈ ചോദ്യം സംസ്കാരത്തിൽ പ്രസക്തമായ ഒന്നാണ്. നന്നങ്ങാടികൾ തൊട്ട് താജ്മഹൽ വരെയുള്ള 'മരണാരാധനയെ' മുൻനിർത്തിയുള്ള ചോദ്യമാണിത്. മൗസോളിയത്തിൽ ഇന്നും സൂക്ഷിക്കുന്ന ലെനിന്റെ ശവത്തോടും ചോദിക്കേണ്ട ഒന്നാണിത്. ലണ്ടനിലെത്തുമ്പോൾ എന്തുകാണണം എ



ന്ന ചോദ്യത്തിന് ഒരു മാർക്സിസ്റ്റ് നൽകുന്ന ഉത്തരം 'കാറൽ മാർക്സിന്റെ ശവകുടീരം' എന്നായിരിക്കും. ഈ മാർക്സിസ്റ്റിനേക്കാളും മാർക്സിസ്റ്റായി ഗുരു മാറുന്നത് അങ്ങനെയാണ്.

ശവത്തിന് നോവില്ല. ഈ കണ്ടുപിടുത്തമാണ് നവോത്ഥാനത്തിന്റെ പ്രസക്ത സന്ദേശങ്ങളിൽ ഒന്ന്. ഇന്നത്തെ ഈ ലോകത്തും വർത്തമാനകാലത്തും കേന്ദ്രീകരിച്ച ആത്മീയ–ഭൗതിക പാരസ്പര്യമായിരുന്നു നാരായണ ഗുരുവിന്റെ ചിന്താപദ്ധതി മുന്നോട്ടുവച്ചത്. അദ്ദേഹത്തിന്റെ ദാർശനിക ലോകം വികസിച്ചതും ഇതിൽ നിന്നായിരുന്നു. ഇഹത്തിൽ സവർണ്ണത്വത്തിന് വെളിയിലായിപ്പോയ മനുഷ്യർക്ക് നോവുമാത്രമല്ല, വിവേകവും ബുദ്ധിയും ദാർശനികതയുമുണ്ടെന്ന കാഴ്ചയാണ് ഗുരുവിലൂടെ വെളിപ്പെട്ടത്. സവർണ്ണത്വത്തിന്റെ ദാർശനികത, അവർ പറയുമ്പോൾ 'ചാതുർവർണ്യം മയാസൃഷ്ടം' അതിനൊപ്പം വരും. എന്നാൽ അതേ ദാർശനികതതന്നെ അവർണ്ണർ ഉച്ചരിക്കുമ്പോൾ അത് ജാതിവിരുദ്ധമാകും. അങ്ങനെ തെറ്റിക്കിടന്നിരുന്ന ഒരു ദാർശനികതയുടെ വർഗ്ഗബോധം കണ്ടെത്തുകയായിരുന്നു ഗുരു. ഒരു ബ്രാഹ്മണിക്കൽ കാഴ്ചപ്പാട് വച്ചുപുലർത്തിയിരുന്നുവെങ്കിൽ ഗുരുവിന് ഇതൊരിക്കലും സാധ്യമാകുമായിരുന്നില്ല. ഉപനിഷദ് ദർശനങ്ങളുടെ കീഴാള വായനയും പ്രയോഗവും ഗുരുവിൽ ധാരാളമുണ്ട്. ആ കീഴാള വായനയാകട്ടെ ഏതെങ്കിലും കീഴാള ജാതിയുടെ മതിൽക്കെട്ടിൽ ഒതുങ്ങി നിൽക്കുന്നതുമായിരുന്നില്ല. അബ്രാഹ്മണ്യത എന്നത് കീഴാള ഐക്യത്തിന്റെ ഏറ്റവും നല്ല സമവാക്യമാണെന്ന് ഗുരു കണ്ടു. അതിനാൽ അയ്യങ്കാളിയും സഹോദരൻ അയ്യപ്പനും നടരാജ ഗുരുവും കുമാരനാശാനും ഗുരുവിനെ ആശ്രയിച്ചോ സഹജീവിച്ചോ വ്യത്യസ്ത ചിന്താപ്രപഞ്ചങ്ങളായി. ഒരു കേന്ദ്രീകൃത ഘടന ആ ചിന്തയിൽ ഉണ്ടായിരുന്നില്ല. സ്വാതന്ത്ര്യത്തെ പ്രഘോഷിക്കുന്ന ഒരു ആധുനിക ചിന്താ കേന്ദ്രമായിരുന്നു അത്.

ശവത്തിന് നോവില്ല. ഈ കണ്ടുപിടുത്തമാണ് നവോത്ഥാനത്തിന്റെ സോക്തസന്ദേശങ്ങളിൽ ഒന്ന്. ഇന്നത്തെ ഈ ലോകത്തും വർത്തമാനകാലത്തും കേന്ദ്രീകരിച്ച ആത്മീയ–ഭൗതിക പാരസ്പര്യമായിരുന്നു നാരായണ ഗുരുവിന്റെ ചിന്താപദ്ധതി മുന്നോട്ടുവച്ചത്. അദ്ദേഹത്തിന്റെ ദാർശനിക ലോകം വികസിച്ചതും ഇതിൽ നിന്നായിരുന്നു. ഇഹത്തിൽ സവർണ്ണത്വത്തിന് വെളിയിലായിപ്പോയ മനുഷ്യർക്ക് നോവുമാത്രമല്ല, വിവേകവും ബുദ്ധിയും ദാർശനികതയുമുണ്ടെന്ന കാഴ്ചയാണ് ഗുരുവിലൂടെ വെളിപ്പെട്ടത്.

'സാഹോദര്യം' എന്ന പദത്തെ നമുക്ക് തന്നത് ഫ്രഞ്ചുവിപ്ലവമല്ല. ശ്രീ നാരായണ ഗുരുവാണ് 'ജാതിഭേദം മതദ്വേഷം/ഏതുമില്ലാതെ സർവ്വരും/സോദരത്വേനവാഴുന്ന/മാതൃകാസ്ഥാനമാണിത്' എന്ന് കേരളത്തെ നിർവ്വചിച്ചപ്പോൾ 'സോദരത്വേന' എന്ന പദം രക്തബന്ധങ്ങൾക്കുള്ളിലുള്ള സാഹോദര്യം മാത്രമായിരുന്നില്ല. ആ പദത്തിന് ഒരു സാമൂഹ്യാർത്ഥം കേരളത്തിൽ ലഭിക്കുന്നത് അപ്പോൾ മാത്രമാണ്. അത് സമൂഹത്തിലെ വ്യത്യസ്ത മനുഷ്യരെ പശവച്ചുറപ്പിക്കുന്ന ഒന്നാണ്. 'പൊതുമണ്ഡലം' എന്ന പരികല്പനയിൽ മനുഷ്യരെ

➪ ഒരു ആധുനിക ലോകം സൃഷ്ടിക്കാനുള്ള പദ്ധതി അദ്ദേഹത്തിന്റെ വാക്കുകളെ തിളക്കുന്നത് കാണാം ➪




മൗനപ്പൂന്തേൻ
പരിഭാഷ, സമന്വയം: ശ്യാം ബാലകൃഷ്ണൻ
വില: 200 രൂപ

കൂട്ടി നിർത്തുന്ന ആകർഷണ ബലം അതാണ്. സവർണ്ണ മണ്ഡലത്തിൽ 'സോദരത്വം' എന്നു പറയുന്നത് സ്വജനപക്ഷപാതമാണ്. എന്നാൽ അവർണ്ണ മണ്ഡലത്തിൽ അങ്ങനെ പ്രയോഗിക്കപ്പെടുമ്പോൾ അതിന് ദാർശനിക, രാഷ്ട്രീയ മാനങ്ങൾ ലഭിക്കുന്നു.

ശ്രീനാരായണന്റെ ജീവിതം തുടക്കം മുതൽ ഒടുക്കം വരെ ചില ദർശനങ്ങളിൽ അടിയുറച്ചു നിലകൊണ്ടു എന്ന് പി.കെ. ബാലകൃഷ്ണൻ ചൂണ്ടിക്കാട്ടുന്നു. ജാതിവിരുദ്ധതയായിരുന്നു അതിൽ ഏറ്റവും പ്രബലം. നാരായണ ഗുരുവിന്റെ ദൃശ്യത പൊതുമണ്ഡലത്തിൽ പ്രത്യക്ഷമായ അരുവിപ്പുറം പ്രതിഷ്ഠ മുതൽ അവസാന കാലത്തെ 'നമുക്ക് ജാതിയില്ല' എന്ന് പ്രസ്താവിക്കുന്ന വിളംബരം വരെ, ജാതിവിരുദ്ധതയിൽ ഉറച്ചുനിന്നിരുന്നു ആ ചിന്ത എന്ന് നമുക്ക് തെളിവ് തരുന്നു. ജാതി പോകാത്ത ഇന്ത്യയിൽ ഏതൊരു ദാർശനിക വ്യവഹാരവും ജാതിയിൽ തട്ടിനിൽക്കും എന്നത് അദ്ദേഹത്തിന് വ്യക്തമായിരുന്നു. അതിനാൽത്തന്നെ ഒരു സാമ്പ്രദായിക ദാർശനിക പ്രതിഭയായി മാത്രം കേരളത്തിലോ ഇന്ത്യയിലോ ഗുരുവിനെ അവതരിപ്പിക്കുക വയ്യ. പാശ്ചാത്യമണ്ഡലത്തിൽ അത്തരമൊരു അവതരണമാകാം. ഇന്ത്യയിൽ ഒരു ദാർശനിക പാരമ്പര്യം പുലരണമെങ്കിൽ സംസ്കൃത കേന്ദ്രീകൃതമായ ദാർശനികതയെ പ്രാദേശികവത്കരിക്കുകയും ബ്രാഹ്മണ കേന്ദ്രിതത്വത്തെ തകർത്ത് അതിനെ അബ്രാഹ്മണവത്കരിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമായിരുന്നു. ജാതിക്കോട്ടകളെ സൈദ്ധാന്തിക-പ്രായോഗിക തലത്തിൽ ഇടിച്ചു നിരത്താതെ അത് സാദ്ധ്യമല്ലായിരുന്നു.

അതിനാൽ ശ്രീനാരായണ വചനങ്ങൾക്ക് ഇരുതല മൂർച്ചയുണ്ട്. ഒന്ന്, ഇഹലോക സംബന്ധിയായ ഒരു ദാർശനിക വ്യവസ്ഥയിലേക്ക് അത് മതത്തേയും ദൈവത്തേയും മാറ്റി സ്ഥാപിച്ചു. ദൈവദശകം എന്ന ഗുരുവിന്റെ ഏറ്റവും ജനകീയമായ പ്രാർത്ഥനയിൽ ഇത് വ്യക്തമായി കാണാൻ കഴിയും. ഓസ്മോട്ടിക് തത്വങ്ങൾ അനുസരിക്കുന്ന തൊലിയാണ് മതത്തിന് വണ്ടത് എന്ന് അദ്ദേഹം സ്ഥാപിച്ചു. 'രൂപങ്ങളും പോഷകങ്ങളും' അങ്ങോട്ടുമിങ്ങോട്ടും കടത്തിവിടാവുന്ന ഭിത്തികളാണ് മതങ്ങളുടേതെന്ന് ഈ പ്രാർത്ഥന വെളിപ്പെടുത്തുന്നു. സെമറ്റിക്, ബൗദ്ധ സങ്കൽപ്പനങ്ങൾ ഈ പ്രാർത്ഥനയിൽ നല്ലപോലെ ഉപയോഗിച്ചിരിക്കുന്നത് കാണാം. അതുപോലെ വ്യവസായ വിപ്ലവത്തിന് ശേഷമുള്ള ഒരു ലോകത്തിന്റെ പ്രാർത്ഥനയാണിത്. 'സാമഗ്രി', 'ആവിവൻതോണി' തുടങ്ങിയ പുതുപദങ്ങൾ അതിൽ ഉപയോഗിച്ചിരിക്കുന്നത് കാണാം. രണ്ടാമതായി, ആധുനികതയുടെ വെളിച്ചത്തിൽ വളരേണ്ട, പുലരേണ്ട പറ്റങ്ങളായി മനുഷ്യരെമാറ്റേണ്ട ആവശ്യകത അദ്ദേഹം നിരന്തരം ചൂണ്ടിക്കാട്ടി. അങ്ങനെ ജാതിക്കോട്ടകൾ തകർത്തും മതഭിത്തികൾ ലോലമാക്കിയും ഒരു ആധുനിക ലോകം സൃഷ്ടിക്കാനുള്ള പദ്ധതി അദ്ദേഹത്തിന്റെ വാക്കുകളെ തിളക്കുന്നത് കാണാം. അതിനാൽ ശ്രീ നാരായണഗുരു ഭൂതത്തെ വ്യാഖ്യാനിക്കുകയായിരുന്നില്ല, ഭാവിയെ പണിയുകയായിരുന്നു, ലോകത്തെ മാറ്റിമറിക്കുകയായിരുന്നു എന്നു പറയാം.

ശ്രീനാരായണന്റെ വാക് സംപുടം പലരും സമാഹരിച്ചിട്ടുണ്ട്. അദ്ദേഹത്തെപ്പറ്റി ഇറക്കിയ ഏറ്റവും നല്ല പുസ്തകമായി കരുതപ്പെടുന്ന പി.കെ. ബാലകൃഷ്ണൻ എഡിറ്റു ചെയ്ത 'ശ്രീ നാരായണ ഗുരു' എന്ന ഗ്രന്ഥത്തിലും ആ മൊഴികൾ പ്രത്യേകരീതിയിൽ വിന്യസിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആ മൊഴികളുടെ ഏറെക്കുറെ സമ്പൂർണ്ണമായ സമാഹാരം പുറത്തുവന്നത് ഈയിടെയാണ്, ശ്യാം ബാലകൃഷ്ണൻ സമന്വയിച്ച 'മൗനപ്പൂന്തേൻ'. ഗുരു ആരെന്നും എന്തെന്നും ഇരുട്ടിൽത്തപ്പുന്ന കേരളത്തിന് മുന്നിൽ 'ദാ, ഇതു വായിക്കൂ. ഒരുപക്ഷെ നിങ്ങൾക്ക് ശ്രീനാരായണനെ പിടികിട്ടിയേക്കാം' എന്നു ധൈര്യപൂർവ്വം ശുപാർശ ചെയ്യാവുന്ന പുസ്തകമാണിത്. 'മൗനപ്പൂന്തേന്റെ' ഒരു വായനാനുഭവമായിട്ടല്ല ഈ കുറിപ്പ്. മറിച്ച് ആ പുസ്തകം ചിന്താപരമായി എന്നെ ഏവിടേയ്ക്കോ കൊണ്ടുപോയി എന്ന രേഖപ്പെടുത്തൽ മാത്രം. ഒരു ചിന്താ പ്രതികരണം. ഇത്തരം അനേകലക്ഷം പ്രതികരണങ്ങളുണ്ടാക്കാൻ ആവശ്യമായ ഊർജ്ജം ഈ പുസ്തകത്തിനുണ്ട്. അത്രയധികം പണിപ്പെട്ടാണ്, അക്കാദമിക സഹായമൊന്നുമില്ലാതെ ഈ പുസ്തകം പുറത്തിറങ്ങുന്നത്. ജോസഫ് പുലിക്കുന്നേൽ 'മലയാളം ബൈബിൾ' ഇറക്കിയതിനു ശേഷം കേരളത്തിന്റെ മത-സാമൂഹിക-ദാർശനിക ചരിത്രത്തെ അഭിമുഖീകരിക്കുന്ന, സംവാദ സമ്പന്നമാക്കുന്ന വലിയ ഒരു ഇടപെടൽ ആണ് ഈ പുസ്തകത്തിലൂടെ സംഭവിച്ചിട്ടുള്ളത്. ■